**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 670** **30-01-2024 - ൽ മറുപടിയ്ക്ക്**

**എ.ഐ. ക്യാമറ സ്ഥാപിച്ചതിൽ കെൽട്രോണിന്റെ പങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി കെൽട്രോണിനെ തെരഞ്ഞെടുത്തിരുന്നോ; എങ്കിൽ ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെൽട്രോണിന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | കെൽട്രോണിനെ തെരഞ്ഞെ-ടുത്തിരുന്നു. ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെൽട്രോണിന്റെ ചുമതലകൾ താഴെപ്പറയുന്നവയാണ്.<br><br>1) ട്രാഫിക് എൻഫോഴ്സ്മെന്റ് ക്യാമറാ സിസ്റ്റം അസംബിൾ ചെയ്യുന്നതിന് ആവശ്യമായ വിവിധ ഘടകങ്ങൾ വാങ്ങി നൽകുന്നതിന് സുതാര്യമായ ടെൻഡർ പ്രോസസ്സിലൂടെ വെണ്ടറെ കണ്ടെത്തുക .<br><br>2) മേൽപ്പറഞ്ഞ ഘടകങ്ങളുടെ ഗുണമേന്മ ഉറപ്പാക്കിയ ശേഷം അവ സംയോജിപ്പിച്ച് ട്രാഫിക് എൻഫോഴ്സ്മെന്റ് ക്യാമറ സിസ്റ്റം ആക്കി മാറ്റുകയും അതു ടെസ്റ്റ് ചെയ്തു നിരത്തുകളിൽ സ്ഥാപിക്കുന്നതിന് വേണ്ടി നൽകുകയും ചെയ്യുക .<br><br>3) ട്രാഫിക് എൻഫോഴ്സ്മെന്റ് ക്യാമറ സിസ്റ്റം സ്ഥാപിക്കുന്നതിന് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് മായി ചേർന്ന് സർവ്വേ നടത്തുക .<br><br>4) ഈ പദ്ധതിയുടെ മേൽനോട്ടം വഹിക്കുക .<br><br>5) ഈ പദ്ധതിയുടെ ചെല്ലാൻ പ്രോസസ്സിങ്ങിന് ആവശ്യമായ സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് ചെയ്യുന്നതിന് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് മായും MORTH മായും ഉള്ള കമ്മ്യൂണിക്കേഷൻസ് നടത്തുക .<br><br>6) ഇവ കൂടാതെ ഈ പദ്ധതിയുടെ ഭാഗമായുള്ള ഫെസിലിറ്റി മാനേജ്മെന്റ് സർവീസ് (FMS) പൂർണ്ണമായും കെൽട്രോൺ നേരിട്ടാണ് നടപ്പിലാക്കുന്നത്. |
| (ബി) | ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെൽട്രോണിന് നാളിതുവരെ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്നും ഈ ഇനത്തിൽ എന്തെങ്കിലും കുടിശിക ഉണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | പ്രോജക്ട് നടപ്പിലാക്കിയതിൽ കരാർ പ്രകാരം ലഭിക്കേണ്ട ആദ്യ ഗഡുവായ 11,79,11,440/- രൂപയിൽ നിന്നും, 9,39,48,820 രൂപ ഗതാഗത (ഡി) വകുപ്പിന്റെ 03.01.2024-ലെ സ.ഉ. |

| | | | |
|---|---|---|---|
| | | | (സാധാ)നം.5/2024/Tran നമ്പർ ഉത്തരവ് പ്രകാരം കെൽട്രോണിന് അനുവദിച്ച് നൽകി ഉത്തരവായെങ്കിലും തുക റിലീസ് ചെയ്ത് കെൽട്രോണിന് ലഭിച്ചിട്ടില്ല. കരാർ പ്രകാരം ഇതുവരെ 23.58 കോടി രൂപ ലഭിക്കാനുണ്ട്. |
| (സി) | യഥാസമയം പണം ലഭിക്കാത്ത കാരണത്താൽ കെൽട്രോണിന് ചുമതല വഹിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; | (സി) | കരാർ പ്രകാരമുള്ള തുക യഥാസമയം ലഭിക്കാത്തത് കെൽട്രോണിന്റെ സാമ്പത്തിക ഭദ്രതയെ ബാധിക്കുന്നുണ്ടെങ്കിലും ഏറ്റെടുക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിന് അതൊരു തടസ്സമാകാതെ ശ്രദ്ധിക്കുന്നുണ്ട്. |
| (ഡി) | ഇത് ക്യാമറയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | കെൽട്രോൺ മുഖേന സ്ഥാപിക്കപ്പെട്ട ക്യാമറകൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കരാർ പ്രകാരമുള്ള തുക യഥാസമയം ലഭ്യമാകാത്തതുമൂലവും ചെലാനുകൾ പ്രിന്റ് ചെയ്യാൻ ആവശ്യമായ സാധന സാമഗ്രികളുടെ ലഭ്യത കുറവും മേൽവിലാസക്കാരന് ചെലാനുകൾ അയക്കുന്നതിന് പോസ്റ്റ് ആഫീസിന് ആവശ്യമായ തുക മുൻകൂറായി അടയ്ക്കേണ്ടതിന് ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തത മൂലവും, കണ്ടുപിടിക്കപ്പെട്ട നിയമലംഘന-ങ്ങളുടെ ചലാൻ വാഹന ഉടമയുടെ മേൽവിലാസത്തിലേയ്ക്ക് അയക്കു-ന്നതിന് കാലതാമസം നേരിടുന്നു. കൂടാതെ ഈ പദ്ധതിയുടെ CAPEX തുകയിനത്തിൽ കരാർ പ്രകാരം കോൺട്രാക്ടർക്ക് സമയ-ബന്ധിതമായി തുക നൽകാത്തത് ബുദ്ധിമുട്ടേറിയ സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ